(ഇ) ഉണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി സർക്കാർ കൊപ്രായ്ക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്താറുണ്ട്.

115(2679) സർക്കാർ മേഖലയിലെ റബ്ബർ പ്ലാന്റേഷൻ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലുള്ള റബ്ബർ പ്ലാന്റേഷനുകളുടെ മൊത്തം വിസ്തീർണ്ണം എത്രയാണ്;

(ബി) 1996 മുതൽ റബ്ബർ പ്ലാന്റേഷന് ഓരോ വർഷവും ബാലൻസ് ഷീറ്റ് പ്രകാരം ലാഭമോ നഷ്ടമോ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ലാറ്റക്സ് കയറ്റുമതിക്ക് എന്തു തുക സബ്സിഡി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11576 ഹെക്ടർ

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, റീഹാബിലിറ്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ 1996-97 സാമ്പത്തികവർഷം മുതലുള്ള ലാഭനഷ്ട കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) റബ്ബർ കയറ്റുമതി ചെയ്ത വകയിൽ പ്ലാന്റേഷൻ കോർപ്പറേഷന് സർക്കാർ സബ്സിഡിയൊന്നും നൽകിയിട്ടില്ല.

116 (2680) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റബ്ബർ കൃഷിക്കാരെ പ്രതികൂലമായി ബാധിച്ച റബ്ബറിന്റെ വിലയിടിവിൽ നിന്നും കരകയറ്റാൻ റബ്ബറിന് വില കൂട്ടി നൽകാൻ വേണ്ടി ഏതെങ്കിലും പദ്ധതി കേരള സ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ കൊല്ലം ഫെഡറേഷൻ എന്തു മാത്രം റബ്ബർ സംഭരിച്ചു; എത്ര വിൽപ്പന നടത്തി;

(ഡി) അതുമൂലം ഫെഡറേഷന് ലാഭമുണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എസ്.എസ്. 4 ഗ്രേഡ് റബ്ബറിന്റെ വില കിലോയ്ക്ക് 26 രൂപയായി താഴ്ന്നപ്പോൾ അത് ഉയർത്തുന്നതിലേയ്ക്ക് സർക്കാർ റബ്ബർ സംഭരിക്കണമെന്നും ആറ് മാസത്തേക്ക് അത് സ്റ്റോക്ക് ചെയ്യണമെന്നും റബ്ബർ സംഭരണ ഏജൻസിയായി റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെ നിയമിക്കണമെന്നും സംഭരണത്തിന് ആവശ്യമുള്ള തുക സംസ്ഥാന സഹകരണബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള സർക്കാർ ഗ്യാരണ്ടി നൽകണമെന്നുമാണ് ആവശ്യങ്ങൾ. എന്നാൽ സർക്കാരിനുവേണ്ടി റബ്ബർ സംഭരണം നടത്തേണ്ട ഏജൻസി പ്രധാനമായും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനാണ്. ഈ വിവരം അവരെ അറിയിച്ചിട്ടുണ്ട്. റബ്ബർ സംഭരണ ഏജൻസികൾക്കു നൽകാമെന്ന് പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നതാണ്. ആവശ്യമായ തുകയ്ക്ക് ഗവണ്മെന്റ് ഗ്യാരന്റി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എങ്കിലും റബ്കോയേക്കാൾ കുറഞ്ഞ തോതിലാണ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ റബ്ബർ ശേഖരിച്ചത്. സംഭരിച്ച റബ്ബറിൽനിന്നും എസ്.ടി.സി. ക്കു കൊടുത്തതും കുറഞ്ഞ അളവിലാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആധികാരികമായ വിവരം ലഭ്യമല്ല.

(ഇ) ഉദിക്കുന്നില്ല.

117 (2681) വേതനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി നോക്കുന്ന ജീവനക്കാർക്ക് കുറഞ്ഞ ദിവസവേതനമാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 29.3.1999 ലെ ജി.ഒ. (പി) 1187/99 ഫിൻ ഉത്തരവുപ്രകാരമുള്ള വർദ്ധിപ്പിച്ച വേതനം പ്ലാന്റേഷൻ കോർപ്പറേഷനിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർക്കും നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം വർദ്ധിപ്പിച്ച വേതനം നൽകണമെന്ന് ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർ നൽകിയ നിവേദനത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോർപ്പറേഷനിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് പി.എൽ.സി. കരാറിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly